219
4/1/20

File No.FWLD-B1/37/2019-FWLD

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരളത്തിലെ വനമേഖലയിലെ തേക്ക് ഉൾപ്പെടെയുള്ള പ്ലാന്റേഷൻ മരങ്ങൾ മുറിച്ചുമാറ്റി സ്വാഭാവികവനം വച്ചുപിടിപ്പിക്കുന്നതിനുള്ള സാധ്യത സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്ന കമ്മിറ്റിയ്ക്ക് കാലാവധി നീട്ടി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

**സ.ഉ.(സാധാ) നം.488/2019/വനം** തീയതി,തിരുവനന്തപുരം, 07/12/2019

---

പരാമർശം:- 1) 10/05/2019 തീയതിയിലെ സ.ഉ.(സാ.ധാ) നം 168/2019/വനം നമ്പർ ഉത്തരവ്.

2) 14/10/2019 തീയതിയിലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ഡബ്ല്യൂ.എൽ 4-64890/2017 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തിന് തടി ഇറക്കുമതിയിലൂടെയുണ്ടാകുന്ന ചെലവും മുറിച്ച് വിൽക്കാൻ കഴിയാത്ത തരത്തിൽ വന്യമൃഗ സങ്കേതങ്ങളിലും മറ്റുമുള്ള തേക്ക് പ്ലാന്റേഷനുകളുടെ വിസ്തീർണ്ണവും അതിലെ തേക്ക് മരങ്ങളുടെ വ്യാപ്തിയും മുറിച്ച് വിറ്റാലുണ്ടാകുന്ന സാമ്പത്തിക നേട്ടവും പകരം സ്വാഭാവിക വനം രൂപപ്പെടുത്തിയാലുള്ള ഗുണങ്ങളും ഉൾപ്പെടെ ഇക്കാര്യത്തിൽ വിശദമായ ഒരു പഠനം നടത്താൻ ഉദ്യോഗസ്ഥരെയും വിദഗ്ധരെയും ഉൾപ്പെടുത്തി പരാമർശം (1) പ്രകാരം കമ്മിറ്റി രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2)കേരളത്തിലെ വനമേഖലയിലെ തേക്ക് ഉൾപ്പെടെയുള്ള പ് ളാന്റേഷൻ മരങ്ങൾ മുറിച്ചുമാറ്റി സ്വാഭാവിക വനം വച്ചു പിടിപ്പിക്കുന്നതിനുള്ള കമ്മിറ്റിയുടെ പഠനം പുരോഗമിച്ചു വരുന്നതായി കമ്മിറ്റിയുടെ ചെയർമാൻ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വയനാട്, പറമ്പിക്കുളം, അഗസ്ത്യവനം, പെരിയാർ (ഈസ്റ്റ് & വെസ്റ്റ്), തട്ടേക്കാട്, ആനമുടി, പാമ്പാടുംചോല, തുടങ്ങിയ സ്ഥലങ്ങളിൽ പഠനസംഘം ഇതിനോടകം സന്ദർശനം നടത്തിയതായും എന്നാൽ മഴക്കെടുതിയും പ്രതികൂല കാലാവസ്ഥയും കാരണം മറ്റുള്ള വനമേഖലകളിൽ ഉദ്ദേശിച്ചിരുന്ന സമയത്ത് സന്ദർശനം നടത്താൻ സാധിക്കാതിരുന്നതിനാൽ പഠനറിപ്പോർട്ട് സമർപ്പിക്കുവാൻ സമയം 2019 നവംബർ 10 വരെ ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്

കൺസർവേറ്റർ (വൈൽഡ് ലൈഫ് ) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ വനമേഖലയിലെ തേക്ക് ഉൾപ്പെടെയുള്ള പ് ളാന്റേഷൻ മരങ്ങൾ മുറിച്ചുമാറ്റി സ്വാഭാവിക വനം വച്ചു പിടിപ്പിക്കുന്നതിനുള്ള പഠനം നടത്തി റിപ്പേർട്ട് സമർപ്പിക്കുന്നതിന് നിലവിലുള്ള കമ്മിറ്റിയുടെ കാലാവധി, ടി കാലാവധിയ്ക്കുള്ളിൽ തന്നെ റിപ്പോർട്ട് സമർപ്പിക്കണമെന്ന നിബന്ധനയോടു കൂടി 15/12/2019 വരെ ദീർഘിപ്പിച്ചുനൽകി കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ് കുമാർ.റ്റി.ഐ
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്), തിരുവനന്തപുരം.

ശ്രീ. അൻജൻ കുമാർ, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്), പാലക്കാട് (പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈ ൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം മുഖേന)

ഡോ. ഇ. കുഞ്ഞികൃഷ്ണൻ (റിട്ട. പ്രൊഫസർ, സുവോളജി). (പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈ ൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം മുഖേന)

ഡോ. പി. ബാലകൃഷ്ണൻ (വന്യജീവി ശാസ്ത്രജ്ഞൻ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്). (പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈ ൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം മുഖേന)

ഡോ. പി. ഒ. നമീർ (പ്രൊഫസർ & ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് വൈൽഡ് ലൈഫ് സയൻസ്, ഫോറസ്ട്രി കോളേജ്). (പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം മുഖേന)

File No.FWLD-B1/37/2019-FWLD

ശ്രീ. ജയിംസ് സക്കറിയ (റിട്ട. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ). (പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by PRAVEEN KUMAR S
Date: 2019.07.12 15:58 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. വനം വന്യജീവി വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

വനം വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ